LAITY FOR UNITY
A World Wide Syro Malabar Laity Movement.

laityforunity@gmail.com

Payyappilly Heights, Deevar Road
Perumanoor, Thevara, 682 015.

# 20 തികയുന്ന സിനഡ് ക്രമം: അനിവാര്യമായ വിലയിരുത്തലുകൾ

**സുപ്രധാനമായ തീരുമാനങ്ങൾ നടപ്പിലാക്കുമ്പോൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തലുകൾ നടത്തുകയെന്നതും പോരായ്മകൾ തിരുത്തി മുന്നോട്ടുപോവുകയെന്നതും സാർവ്വജനീയമായ ശൈലിയാണ്. സിറോ മലബാർ സഭയിൽ നിലവിലിരുന്ന വി. കുർബാനയർപ്പണ ശൈലികൾ ഏകീകരിച്ചുകൊണ്ട് ഭാഗ്യസ്മരണാർഹനായ വർക്കി വിതയത്തിൽ പിതാവിന്റെ നേതൃത്വത്തിൽ സഭയിലെ എല്ലാ പിതാക്കന്മാരും ചേർന്നെടുത്ത തീരുമാനത്തിന് 20 വയസ്സ് തികഞ്ഞിരിക്കുകയാണ്! സിറോ മലബാർ സഭയിൽ ദൂരവ്യാപകമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുകൊണ്ടെടുത്ത തീരുമാനം 20 വർഷങ്ങൾക്കൊണ്ട് സഭയിൽ വരുത്തിയ മാറ്റങ്ങളെന്താണ്? ഉദ്ദേശിച്ച ഫലം നൽകിയോ? ഇല്ലെങ്കിൽ എന്താണ് പരിഹാരം?**

## വി. കുർബാനയർപ്പണത്തിന് സിനഡ് ശൈലി

**ആദിമ നൂറ്റാണ്ടുകാലം മുതൽക്കേ ലത്തീൻ സഭയുൾപ്പടെ എല്ലാ ശ്ലൈഹീക സഭകളിലും മദ്ബഹാഭിമുഖമായായിരുന്നു വി. കുർബാനയർപ്പണം. ഏതാനും ദശാബ്ദങ്ങൾ മുൻപുവരെ സിറോ മലബാർ സഭയിലും വി. കുർബാനയർപ്പണം ഇതേ ശൈലിയിൽത്തന്നെയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം കൗൺസിൽ പഠനങ്ങൾ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് ലത്തീൻ സഭയിലെ ഒരു വിഭാഗം ജനാഭിമുഖ ബലിയർപ്പണത്തിനു തുടക്കം കുറിച്ചു. ഏറെ വൈകാതെ ലത്തീൻ സഭ മുഴുവനിലും പടർന്നുകയറിയ ജനാഭിമുഖ ശൈലിയിൽ ആകൃഷ്ടരായ സിറോ മലബാർ സഭയിലെ ഒരു വിഭാഗവും ഈ ശൈലിയിലേക്ക് മാറി. എന്നാൽ ആദിമ സഭയുടെ പാരമ്പര്യം മുറുകെപ്പിടിച്ചിരുന്ന വിഭാഗം മദ്ബഹാഭിമുഖ ശൈലി തുടർന്നുപോന്നു. ഇത്തരത്തിലുള്ള രണ്ട് ശൈലികൾ സഭയിൽ അനൈക്യത്തിന് കാരണമാകുന്നുവെന്ന് വിലയിരുത്തിയ സിറോ മലബാർ മെത്രാൻ സംഘം ഈ രണ്ട് ശൈലികളും ഉൾക്കൊണ്ടുകൊണ്ട് സഭ മുഴുവനിലും ഐക്യരൂപത്തിൽ വി.കുർബാനയർപ്പിക്കണമെന്ന ലക്ഷ്യത്തോടെ സിനഡ് ശൈലിക്ക് രൂപം കൊടുക്കുകയും 1999 ജൂലൈ 3 മുതലത് നടപ്പിലാക്കുകയും ചെയ്തു.**

## സിനഡ് ശൈലിയുടെ 20 വർഷങ്ങൾ

**1999 ജൂലൈ 3 ന് നടപ്പിലാക്കാനെടുത്ത തീരുമാനത്തിൽ നിന്ന് എറണാകുളം അങ്കമാലി അതിരൂപതയെ ഒഴിവാക്കണമെന്ന് ശഠിച്ച വൈദികർക്കുമുന്പിൽ സിനഡ് അധ്യക്ഷനായ മേജർ ആർച്ച്ബിഷപ് മാർ വർക്കി വിതയത്തിൽ മുട്ടുമടക്കി. സഭ മുഴുവൻ ഐക്യരൂപത്തിൽ വി. കുർബാനയർപ്പണമെന്ന സ്വപ്നത്തിന് നടപ്പിലാകുന്നതിനുമുമ്പേ അകാലമൃത്യു! മദ്ബഹാഭിമുഖ ശൈലി നിലവിലിരുന്ന ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി, കോതമംഗലം, തലശ്ശേരി തുടങ്ങിയ രൂപതകൾ പൂർണ്ണമായും സിനഡ് ശൈലിയിലേക്ക് മാറി. എറണാകുളം, തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട്, മാനന്തവാടി, താമരശ്ശേരി തുടങ്ങിയ രൂപതകളിൽ ജനാഭിമുഖ കുർബാന മാറ്റമില്ലാതെ തുടർന്നു. ഏതാനും വർഷങ്ങളുടെ കാത്തിരിപ്പിന് ശേഷം ചങ്ങനാശേരി അതിരൂപത മദ്ബഹാഭിമുഖ ശൈലിയിലേക്ക് മടങ്ങി. കാലക്രമത്തിൽ കേരളത്തിനകത്തും പുറത്തും പുതിയ രൂപതകളുണ്ടായി. അതാത് മെത്രാന്മാർക്കും വൈദികർക്കും താല്പര്യമുള്ള ക്രമത്തിൽ വി. കുർബാനയർപ്പണം**

laityforunity@gmail.com
Payyappilly Heights, Deevar Road
Perumanoor, Thevara, 682 015.

നടക്കുന്നു! സഭയിലാകമാനം ഐക്യരൂപമെന്ന ലക്ഷ്യം തുടക്കത്തിലേ പരാജയപ്പെട്ട ശേഷം കേരളത്തിലെ രൂപതകൾക്കെല്ലാം ഒഴികഴിവ് നൽകപ്പെട്ടു! എന്നാൽ പ്രവാസി രൂപതകളിൽ സിനഡ് ക്രമം നിർബദ്ധമായും നടപ്പിലാക്കണമെന്നും സിനഡ് നിർദ്ദേശിച്ചു! നിർഭാഗ്യവശാൽ ഈ തീരുമാനവും നടപ്പായില്ല! കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള വിശ്വാസികൾ അധിവസിക്കുന്ന പ്രവാസി രൂപതകളിൽ പൊതു ശൈലിയായ സിനഡ് ക്രമം നടപ്പിലാക്കണമെന്ന സാമാന്യ മര്യാദപോലും പാലിക്കാതെ ജനാഭിമുഖ ശൈലി അടിച്ചേൽപ്പിക്കാനാണ് പല മെത്രാന്മാരും ശ്രമിച്ചത്! മറ്റ് ചില മെത്രാന്മാർ തികഞ്ഞ നിസംഗതയോടെ തൽസ്ഥിതി തുടരുകയെന്ന വ്യാജേനെ എങ്ങനെ വി. കുർബാന അർപ്പിക്കണമെന്ന തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം വൈദികർക്ക് വിട്ടുകൊടുത്തു.

## ലത്തീൻ സഭയുടെ 20 വർഷങ്ങൾ

സിറോ മലബാർ സഭയിൽ ഐക്യരൂപമുണ്ടാക്കാൻ ശ്രമിച്ച മദ്ബഹാഭിമുഖ കുർബാനയർപ്പണമെന്ന ശ്ലൈഹീക പാരമ്പര്യത്തെ ഇല്ലായ്മ ചെയ്ത രണ്ട് ദശാബ്ദങ്ങൾ ലത്തീൻ സഭയെ സംബന്ധിച്ചിടത്തോളം പാരമ്പര്യത്തിലേക്കുള്ള മടക്കത്തിന്റേതായിരുന്നു. മദ്ബഹാഭിമുഖമായ പൗരാണിക ബലിയർപ്പണ ശൈലി പുനഃസ്ഥാപിച്ചുകൊണ്ട് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ മുൻപിൽ നിന്ന് നയിച്ചപ്പോൾ മദ്ബഹാഭിമുഖ ബലിയർപ്പണത്തിനായി അനേകം മെത്രാന്മാരും വൈദികരും മുന്നോട്ടുവന്നു. ബെനഡിക്ട് പാപ്പായുടെ പിൻഗാമിയായെത്തിയ ഫ്രാൻസിസ് പാപ്പയും വിശേഷാവസരങ്ങളിൽ മദ്ബഹാഭിമുഖ ബലിയർപ്പണം നടത്തിക്കൊണ്ട് ശ്ലൈഹീക പാരമ്പര്യത്തെ പുൽകാൻ ശ്രദ്ധിച്ചുപോന്നു. ഒരുവേള ലോകമെങ്ങും ലത്തീൻ സഭയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലികൾ മദ്ബഹാഭിമുഖ ശൈലിയിലേക്ക് മാറണമെന്ന് ദൈവാരാധനക്കായുള്ള തിരുസംഘത്തിന്റെ തലവൻ നിർദ്ദേശിക്കുകപോലുമുണ്ടായി.

## സിനഡ് ക്രമത്തിന്റെ 20 വർഷങ്ങൾ: നഷ്ടത്തിന്റെ ബാലൻസ്ഷീറ്റ്

**സിനഡ് ക്രമം സിറോ മലബാർ സഭയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്?**

- മദ്ബഹാഭിമുഖ കുർബാനയർപ്പണം നടത്തിയിരുന്ന രൂപതകളിൽ ചങ്ങനാശേരി അതിരൂപത ഒഴികെയുള്ളവർ പൗരാണികമായ ശൈലി ഉപേക്ഷിച്ചു.
- ജനാഭിമുഖ കുർബാനയർപ്പണം നടത്തിയിരുന്ന രൂപതകൾ ഇന്നും മാറ്റമില്ലാതെ അതേപോലെ തന്നെ തുടരുന്നു.
- പുതുതായി രൂപീകൃതമായ രൂപതകൾ അതാത് മെത്രാന്മാരുടെ തീരുമാനങ്ങൾക്കനുസൃതമായ ശൈലി (ജനാഭിമുഖം അല്ലെങ്കിൽ സിനഡ്) സ്വീകരിക്കുന്നു.
- കേരളത്തിലെ വിവിധ രൂപതകളിൽ പെട്ട വിശ്വാസികൾ ഒരുമിച്ചുകൂടുന്ന പ്രവാസി കേന്ദ്രങ്ങളിലും രൂപതകളിലും സിനഡ് ക്രമം നിർബന്ധമായും നടപ്പിലാക്കേണ്ടതാണെങ്കിലും ഇതുവരെ അത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. അത് നടപ്പിലാക്കാൻ ചെറുവിരൽ അനക്കാൻ പോലും ഫരീദാബാദ്, മാണ്ഡ്യ തുടങ്ങിയ രൂപാതാനേതൃത്വങ്ങൾ തയ്യാറുമല്ല.
- ജനാഭിമുഖ കുർബാനയർപ്പിക്കുന്ന രൂപതകളിലെ മെത്രാന്മാരുടെയും വൈദികരുടെയും സ്ഥിരം പല്ലവിയാണ് മാറ്റങ്ങൾ ഉണ്ടാകും, സമയമെടുക്കും, പ്രാർത്ഥിക്കുക എന്നത്! എന്നാൽ ഐക്യരൂപം നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 20 വർഷങ്ങളായി എന്തൊക്കെയാണ് ചെയ്തതെന്ന ചോദ്യത്തിന് മറുപടിയുണ്ടാകില്ല!

laityforunity@gmail.com
Payyappilly Heights, Deevar Road
Perumanoor, Thevara, 682 015.

അതായത് പല രൂപതകളിലും ഏതെങ്കിലും കാലത്ത് സിനഡ് ക്രമം നടപ്പിലാക്കണമെന്ന ഉദ്ദേശത്തോടെയുള്ള മതബോധനം പോലും വർഷങ്ങൾ 20 കഴിഞ്ഞിട്ടും തുടങ്ങിയിട്ടേയില്ല! മദ്ബഹാഭിമുഖ ശൈലിമാറ്റി സിനഡ് ക്രമത്തിലേക്ക് മാറിയ രൂപതകൾക്ക് മദ്ബഹാഭിമുഖ ശൈലിയിലേക്ക് മടങ്ങാൻ അവസരമുണ്ടായിട്ടും അത്തരത്തിലൊരു തിരിച്ചുപോക്ക് അസാധ്യമാകുംവിധം പല രൂപതകളും മാനസ്സികമായി മാറിക്കഴിഞ്ഞു! നാളിതുവരെ മദ്ബഹാഭിമുഖ ശൈലിയിൽ നിലനിന്നുപോന്ന ചങ്ങനാശേരി അതിരൂപതയും സമീപഭാവിയിൽ തന്നെ സിനഡ് ക്രമം സ്വീകരിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ചുരുക്കി പറഞ്ഞാൽ മദ്ബഹാഭിമുഖ കുർബാനയെന്ന ശ്ലൈഹീക പാരമ്പര്യം ഉപേക്ഷിക്കുകയും ചെയ്തു, സഭമുഴുവൻ ഐക്യരൂപം വന്നതുമില്ല!

- ഇതിനേക്കാളേറെ ആശങ്കാജനകമാകുന്നത് സിനഡ് ക്രമത്തോടൊപ്പം സഭയിൽ കടന്നുകൂടിയ വി. കുർബാനയർപ്പണത്തിലെ ലാഘവത്വമാണ്! മറ്റൊരു സഭയിലും ഇല്ലാത്തവിധം സിറോ മലബാർ സഭയുടെ വി.കുർബാനയർപ്പണത്തിൽ വൈദികന് നൽകിയിരിക്കുന്ന ഓപ്ഷനുകൾ വി. കുർബാന എങ്ങനെയും അർപ്പിക്കാമെന്ന അവസ്ഥയിലേക്കെത്തിച്ചിരിക്കുകയാണ്. അനുവദനീയമായ ഓപ്ഷനുകൾക്കും ഒരുപടി മുൻപോട്ടുകടന്നു പ്രാർത്ഥനകൾ വിട്ടുകളയുന്നതും വെട്ടിച്ചുരുക്കുന്നതും ഔദ്യോഗിക പ്രാർത്ഥനകൾക്ക് പകരം സ്വയം പ്രേരിത പ്രാർത്ഥനകളും ഗീതങ്ങൾക്ക് പകരം ആൽബം പാട്ടുകളും ഉപയോഗിക്കുന്നതും പലയിടങ്ങളിലും പതിവായിക്കഴിഞ്ഞു! സിനഡ് ക്രമത്തിൽ വി. കുർബാന അർപ്പിക്കപ്പെടുന്ന പല രൂപതകളിലും അനുവദനീയമായ എല്ലാ ഓപ്ഷനുകളും ഉപയോഗിച്ചുകൊണ്ട് ഒഴിവാക്കാവുന്നതിന്റെ പരമാവധി പ്രാർത്ഥനകൾ ഒഴിവാക്കിയും വെട്ടിച്ചുരുക്കാവുന്നതിന്റെ പരമാവധി വെട്ടിച്ചുരുക്കിയുമാണ് വി. കുർബാന അർപ്പിക്കപ്പെടുന്നത്! ഒരുകാലത്തു മദ്ബഹാഭിമുഖ കുർബാനയർപ്പണം നടന്നിരുന്ന രൂപതകളും ഈ കൂട്ടത്തിലുണ്ടെന്നത് ദുരന്തത്തിന്റെ ഭീകരത വരച്ചുകാട്ടുന്നു!
- പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും സിറോ മലബാർ കുർബാനയുടെ അർപ്പണത്തിന് അവശ്യമായ ദൈവാലയസംവിധാനം ഭൂരിപക്ഷം പള്ളികളിലുമില്ല! തിരുവസ്ത്രങ്ങൾ ഭാഗികമായി ധരിച്ചോ ലത്തീൻ തിരുവസ്ത്രങ്ങൾ ധരിച്ചോ സിറോ മലബാർ ക്രമത്തിൽ വി. കുർബാന അർപ്പിക്കുന്ന മെത്രാന്മാരും വൈദികരും ഇന്നും നമ്മുടെ സഭയിലുണ്ട്! വി.കുർബാന എന്താണെന്ന് മനസ്സിലാക്കി അർപ്പിക്കുന്ന ഒരാൾക്ക് ശോശാപ്പാ ഒഴിവാക്കി വി.കുർബാന അർപ്പിക്കാൻ സാധിക്കില്ല! എന്നാൽ നിർഭാഗ്യവശാൽ ശോശാപ്പാ ഒഴിവാക്കാൻ യാതൊരു മടിയുമില്ലാത്ത വൈദികരും മെത്രാന്മാരും ഒട്ടനവധിയാണ്!
- റാസാക്രമം, ആഘോഷപൂർവ്വകമായ ക്രമം, സാധാരണ ക്രമം എന്നിങ്ങനെ ഔദ്യോഗികമായ 3 ക്രമങ്ങളും അതോടൊപ്പം അനൗദ്യോഗികമായി കാർമ്മികന്റെയും ഗായകസംഘത്തിന്റെയും ഇഷ്ടാനുസരണമുള്ള 'കസ്റ്റമൈസ്ഡ്' കുർബാനക്രമവുമാണ് ഇന്ന് നിലവിലുള്ളത്! നിർഭാഗ്യവശാൽ സിറോ മലബാർ സഭയിൽ അർപ്പിക്കപ്പെടുന്ന വി. കുർബാനകളിൽ ഭൂരിപക്ഷവും അനൗദ്യോഗികമായ നാലാം ക്രമത്തിലാണ്! വി. കുർബാനയെക്കുറിച്ചുള്ള ശരിയായ പഠനങ്ങൾ വിശ്വാസികൾക്ക് നൽകാതിരിക്കുന്നതോടൊപ്പം തോന്നുംപടിയുള്ള വി.കുർബാനയർപ്പണവും ചേരുമ്പോൾ സഭയുടെ വി. കുർബാന എന്താണെന്നുപോലുമറിയാതെ വളരുന്ന തലമുറയ്ക്ക് തങ്ങൾ കണ്ടുവളരുന്നതൊക്കെയാണ് സഭയുടെ പാരമ്പര്യമെന്നും അത് അതേപടി തങ്ങളുടെ മക്കളിലേക്ക് കൈമാറപ്പെടേണ്ടതാണെന്നുമുള്ള ചിന്താഗതിയുണ്ടാകുന്നു. ഇപ്രകാരം ശ്ലൈഹീക പാരമ്പര്യങ്ങൾ വിസ്മൃതിയിലാവുകയും പുതിയ 'പൗരാണിക' പാരമ്പര്യങ്ങൾ രൂപംകൊള്ളുകയും ചെയ്യുന്നു! ജീവിതത്തിലൊരിക്കൽ പോലും റാസാ ക്രമത്തിന്റെ പരിപൂർണ്ണമായ അർപ്പണത്തിൽ പങ്കുകൊള്ളാൻ ഭാഗ്യമില്ലാതെയാണ് സിറോ മലബാർ സഭയിലെ 90% വിശ്വാസികളും കടന്നുപോവുന്നതെന്ന വസ്തുത അത്യന്തം വേദനാജനകമാണ്!

LAITY FOR UNITY

A World Wide Syro Malabar Laity Movement.

laityforunity@gmail.com

Payyappilly Heights, Deevar Road
Perumanoor, Thevara, 682 015.

**ഇനിയെന്ത്?**

**സഭയിലാകമാനം വി. കുർബാനയർപ്പണം ഏകീകരിക്കപ്പെടേണ്ടതുതന്നെയാണ്! അതേസമയം തന്നെ ശ്ലൈഹീക പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും വരും തലമുറകൾക്ക് കൈമാറപ്പെടേണ്ടതുമുണ്ട്. പാരമ്പര്യങ്ങളിലേക്ക് മടങ്ങിപോകുവാനും പൂർണ്ണമായും മദ്ബഹാഭിമുഖ കുർബാനയർപ്പണം പുനഃസ്ഥാപിക്കുവാനും വത്തിക്കാൻ നമ്മോട് അവർത്തിച്ചാവശ്യപ്പെട്ട കാര്യമാണ്! എന്നാലത് സ്വീകരിക്കാതെ ഐക്യത്രൂപത്തിനായി സിനഡ് ക്രമം നിർദ്ദേശിക്കപ്പെട്ടപ്പോൾ മനസ്സില്ലാ മനസ്സോടെ അതംഗീകരിച്ച വത്തിക്കാൻ ആ ഡിക്രിയിൽ തന്നെ പറഞ്ഞുവെച്ചത് സെമിനാരികളിലും ആശ്രമങ്ങളിലും സന്യാസഭവനങ്ങളിലും പൗരാണികമായ ശൈലിയിൽ ദൈവാലയമധ്യത്തിൽ ബേമാ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പള്ളികളിലുമെല്ലാം മദ്ബഹാഭിമുഖ കുർബാനയർപ്പിക്കണമെന്നാണ്! മറ്റിടങ്ങളിൽ സിനഡ് ക്രമവും! എന്നാലിന്ന് ബേമാ ഇല്ലായെന്നത് ജനാഭിമുഖം കുർബാനയർപ്പിക്കാനുള്ള ലൈസൻസാണ് പലർക്കും! അതിൽ മെത്രാനെന്നോ വൈദികനെന്നോയുള്ള യാതൊരു വ്യത്യാസവുമില്ല! സഭയിലെ പരമ പ്രധാനമായ കൂദാശ ഇങ്ങനെയൊക്കെ പരികർമ്മം ചെയ്താൽ മതിയോ? ഇതിനായിരുന്നോ സിനഡ് ക്രമം നടപ്പിലാക്കിയത്? ഇത്രയേറെ ഗൗരവകരമായ വിഷയത്തിനായി കൂടുതൽ സമയം മാറ്റിവെക്കേണ്ടതല്ലേ? തുറവിയോടെയും പക്വതയോടെയും ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കാനും അവ നടപ്പിലാക്കുവാനുമുള്ള ഇച്ഛാശക്തി സിനഡ് കാണിക്കേണ്ടതല്ലേ?**

**കഴിഞ്ഞ 20 വർഷങ്ങൾ സിറോ മലബാർ സഭയും ലത്തീൻ സഭയും വി. കുർബാനയർപ്പണത്തിൽ വരുത്തിയ മാറ്റങ്ങളും അവ സഭയിൽ സൃഷ്ടിച്ച ചലനങ്ങളും വിശകലനം ചെയ്തുകൊണ്ട് വി. കുർബാനയർപ്പണത്തിൽ ഐക്യത്രൂപം കൊണ്ടുവരുക, ശ്ലൈഹീക പാരമ്പര്യങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യങ്ങളിലൂന്നിയുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു!**

- **സഭയിലെ എല്ലാ പ്രവാസി കേന്ദ്രങ്ങളിലും രൂപതകളിലും സിനഡ് ക്രമം നിർബന്ധമായും നടപ്പിലാക്കുക. വിശ്വാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുക. വിസമ്മതിക്കുന്ന മെത്രാന്മാരെ ചുമതലകളിൽനിന്നും ഒഴിവാക്കുക.**
- **ലത്തീൻ സഭയിലെ പോലെ പൗരാണികമായ മദ്ബഹാഭിമുഖ കുർബാനയർപ്പണം നടത്താൻ താല്പര്യമുള്ള രൂപതകൾക്കും വൈദികർക്കും അതിനുള്ള അനുവാദം നൽകുക, പ്രോത്സാഹിപ്പിക്കുക!**
- **കേരളത്തിൽ ജനാഭിമുഖം വി. കുർബാനയർപ്പിക്കുന്ന രൂപതകളിൽ വിശ്വാസികൾക്ക് ബോധവൽക്കരണം നൽകി അടിയന്തരമായി സിനഡ് ക്രമം നടപ്പിലാക്കുക. അതിന് സാധിക്കാത്ത പക്ഷം കേരളത്തിലെ രൂപതകളിൽ സിനഡ് ക്രമത്തിന് ഒഴികഴിവ് നിലനിൽക്കുന്ന സാഹചര്യത്തിലും സമീപ ഭാവിയിലൊന്നും സിനഡ് ക്രമം നടപ്പിലാക്കാനുതകുന്ന യാതൊന്നും കഴിഞ്ഞ 20 വർഷങ്ങളായിട്ടും ജനാഭിമുഖം കുർബാനയർപ്പിക്കുന്ന ഈ രൂപതകൾ ചെയ്യാത്തതിനാലും സിനഡ് ക്രമത്തിനായി മദ്ബഹാഭിമുഖ ശൈലി ഉപേക്ഷിച്ച രൂപതകൾ ശ്ലൈഹീക പാരമ്പര്യമായ മദ്ബഹാഭിമുഖ കുർബാനയർപ്പണത്തിലേക്ക് മടങ്ങാൻ നിർദ്ദേശിക്കുക.**
- **സഭയിലെ എല്ലാ സെമിനാരികളിലും ആശ്രമങ്ങളിലും സന്യാസഭവനങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും സിനഡ് ക്രമത്തിന് അംഗീകാരം നൽകിക്കൊണ്ട് വത്തിക്കാൻ പുറപ്പെടുവിച്ച ഡിക്രിയനുസരിച്ച് മദ്ബഹാഭിമുഖ വി. കുർബാനയർപ്പണം നിർബന്ധമാക്കുക. ഇത്തരം കേന്ദ്രങ്ങളിൽ ബേമ ഉൾപ്പടെ സിറോ മലബാർ സഭയുടെ വി.കുർബാനയർപ്പണത്തിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തുക.**

laityforunity@gmail.com

Payyappilly Heights, Deevar Road
Perumanoor, Thevara, 682 015.

- വി. കുർബാനയിലെ ഐച്ഛിക സമ്പ്രദായം അവസാനിപ്പിക്കുക. പ്രാർത്ഥനകളും ഗീതങ്ങളും ഒഴിവാക്കുന്നതും വെട്ടിച്ചുരുക്കുന്നതും മാറി ഉപയോഗിക്കുന്നതും ഗുരുതരമായ തെറ്റായിക്കണ്ട് തിരുത്തൽ നടപടികൾ സ്വീകരിക്കുക. വിശ്വാസികൾക്കും വൈദികർക്കും ആവശ്യമായ ബോധവൽക്കരണം നൽകുക.
- സഭയിൽ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്ന മേജർ ആർച്ച്ബിഷപ്പും മെത്രാന്മാരും വൈദികരും തങ്ങൾ വി. കുർബാനയർപ്പിക്കുമ്പോൾ സഭാ തീരുമാനങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അതിനുള്ള സാഹചര്യം ഇല്ലാത്തപക്ഷം നിസ്സഹായാവസ്ഥ വിശ്വാസികളെ ബോധ്യപ്പെടുത്തി അത്തരം സന്ദർഭങ്ങളിൽ നിന്നും ഒഴിവാകുക.
- എല്ലാ തീർത്ഥാടന ദൈവാലയങ്ങളിലും കത്തീഡ്രലുകളിലും ഫൊറോനാ പള്ളികളിലും ആണ്ടിലൊരിക്കലെങ്കിലും പൗരാണികമായ ശൈലിയിൽ റാസാ കുർബാന നിർബന്ധമാക്കുക. ബൈബിൾ കൺവൻഷനുകളിൽ ഒരുദിവസവും മദ്ബഹാഭിമുഖമായി റാസാ കുർബാന നിർബന്ധമാക്കുക.
- വിശ്വാസികൾ ആഗ്രഹിക്കുന്നത് തങ്ങൾ നൽകുന്നുവെന്ന ന്യായമുന്നയിക്കാതെ വി. കുർബാന എന്താണെന്നും എങ്ങനെയാണെന്നും വിശ്വാസികളെ പഠിപ്പിക്കുക, ശേഷം പ്രാവർത്തികമാക്കുക! വിശ്വാസികൾക്ക് ബോധ്യങ്ങൾ പകർന്നുകൊടുക്കാതെ വിശ്വാസികൾ ആഗ്രഹിക്കുന്നത് ഇങ്ങനെയാണ്, അതുകൊണ്ട് കുർബാന ഇങ്ങനെവേണം എന്നുപറയുന്നതിൽ എന്ത് യുക്തിയാണുള്ളത്?

## ഉപസംഹാരം

ഈ അടുത്ത നാളുകളിൽ രൂപീകൃതമായ പ്രൊട്ടസ്റ്റന്റ് സഭയായ ബിലിവേഴ്‌സ് ചർച്ച് പോലും മാർത്തോമ്മാ നസ്രാണികളുടെ തനിമയും വിശ്വാസവും പാരമ്പര്യങ്ങളും മനസ്സിലാക്കി അവ വീണ്ടെടുക്കാനും അവയിൽ വളരുവാനും വരും തലമുറകൾക്കു പകർന്നുകൊടുക്കുവാനും പരിശ്രമിക്കുമ്പോൾ ശ്ലൈഹിക സഭയായ സിറോ മലബാർ സഭയിൽ പൂർവ്വിക വിശ്വാസത്തിലും പാരമ്പര്യങ്ങളിലും അജ്ഞതയോടെ ഞങ്ങളുടെ മക്കൾ വളർന്നുവരുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധിക്കുകയില്ല. മാർത്തോമ്മാ ശ്ലീഹാ പകർന്നുതന്ന, പൂർവ്വ പിതാക്കന്മാർ കൈമാറിത്തന്ന മഹത്തായ വിശ്വാസത്തിലും പാരമ്പര്യങ്ങളിലും സഭയെ നയിക്കേണ്ട വലിയ ഉത്തരവാദിത്വമാണ് സിനഡിൽ നിക്ഷിപ്തമായിരിക്കുന്നത്. വി. കുർബാനയർപ്പണത്തിൽ തുടങ്ങിയ അനൈക്യം സഭയെ മുഴുവൻ കാർന്നുതിന്നുന്ന കാൻസറായി വളർന്നിട്ടും യഥാർത്ഥ രോഗത്തിന് ചികിൽസിക്കാതെ രോഗലക്ഷണങ്ങൾക്ക് മരുന്നുകുറിക്കുന്ന ശൈലി സിനഡ് ഇത്തവണയെങ്കിലും ഉപേക്ഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു! സിനഡ് ക്രമത്തിന് 20 തികയുന്ന ഈ അവസരത്തിൽ കൃത്യമായ വിശകലനങ്ങൾ നടത്തി സഭയുടെ നന്മയ്ക്കായി ഉറച്ച തീരുമാനങ്ങളെടുക്കാനും അവ നടപ്പിലാക്കുവാനും അഭി. പിതാക്കന്മാർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.